പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2023-26)**

അമ്പത്തിയഞ്ചാമത് ................................ റിപ്പോർട്ട്

(2024 ഒക്ടോബർ........ മാസം ...7.....-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം I-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2023-26)**

അമ്പത്തിയഞ്ചാമത്............................ റിപ്പോർട്ട്

(2024 ഒക്ടോബർ.............. മാസം ..7.....-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം I-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

## ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും :

അനുബന്ധം II

സർക്കാർ സ്വീകരിച്ച നടപടി :

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-26)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിന്ദു, അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി(2023-26)യുടെ അമ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം - 1 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ റിപ്പോർട്ട്.

2024 ഒക്ടോബർ മാസം 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024, ഒക്ടോബർ 7

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 1 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

**സാമൂഹ്യസുരക്ഷാ പെൻഷൻ**

**ആമുഖം**

സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് സാമൂഹ്യക്ഷേമ പെൻഷനുകളായ അഗതി പെൻഷൻ, വിധവ, വാർദ്ധക്യകാല പെൻഷൻ, വിവാഹ ധനസഹായ പദ്ധതി എന്നിവയുടെ ചുമതല മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 18.09.1995-ലെ സർക്കാർ ഉത്തരവ് (പി)189/95/എൽ.എ.ഡി. പ്രകാരം കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെൻഷൻ/ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിൽ തുടങ്ങി വിതരണരീതി വരെ ഉൾപ്പെടുത്തി

കൊണ്ട് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(പി)11/97/എസ്.ഡബ്ല്യു.ഡി./ 07.04.1997 പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ജി.ഒ.(പി)177/2006/ധന/12.04.2006 ഉത്തരവ് പ്രകാരം പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വരുന്നതു വരെ വിവിധ വകുപ്പുകളിൽ നിന്നും അനുവദിക്കുന്ന തുക സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിനായി തദ്ദേശ സ്ഥാപനങ്ങളിലെ പെൻഷൻ അക്കൗണ്ടുകളിൽ വരവ് വെച്ച് മണിഓർഡർ മുഖേന വിതരണം ചെയ്തിരുന്നു. പെൻഷണർ മരണപ്പെടുകയോ സ്ഥലത്തില്ലാതാകുകയോ ചെയ്യുന്ന അവസരത്തിൽ തിരികെ വരുന്ന മണിഓർഡർ തുക പെൻഷൻ അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്തിരുന്നു.

എന്നാൽ അതിനുശേഷം സഞ്ചിത നിധിയിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റായി തുക അനുവദിക്കുകയും സാമ്പത്തിക വർഷാവസാനം വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കുന്ന രീതിയാണ് തുടർന്ന് വന്നിരുന്നത്. ഇക്കാലയളവിലും പെൻഷൻ വിതരണം നടത്തിയിരുന്നത് മണിഓർഡർ മുഖേന ആയിരുന്നു. മണിഓർഡർ പ്രകാരമുള്ള വിതരണത്തിലെ അപാകതകൾ പരിഗണിച്ച് 01.08.2013 മുതൽ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. (ജി.ഒ.(പി)363/13 ധന. തീയതി 27.03.2013).

ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ ചുമതലപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ വിവരങ്ങൾ (പോസ്റ്റ് ഓഫീസ്/ബാങ്ക് സേവിംഗ്സ് അക്കൗണ്ട് നമ്പർ, ബ്രാഞ്ചിന്റെ പേര്, കോഡ്, ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, തിരിച്ചറിയൽ കാർഡിന്റെ വിവരം, ഫോൺ നമ്പർ മുതലായവ) സേവന സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താനും വിവരങ്ങളുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കി എൽ.എസ്.ജി.ഡി. സെക്രട്ടറി അധികൃതമാക്കിയ "ഡേറ്റ

ബേസ്" സെൻട്രൽ സെർവറിലേക്ക് അപ്‌ലോഡ് ചെയ്യാനും നിർദ്ദേശിച്ചിരുന്നു. ഓരോ മാസവും ആവശ്യമായി വരുന്ന ഗുണഭോക്താക്കളുടെ കൂട്ടിച്ചേർക്കലുകളും ഗുണഭോക്താവിന്റെ മരണംമൂലം ഉണ്ടാകുന്ന ഒഴിവാക്കലുകളും കൃത്യമായി രേഖപ്പെടുത്തേണ്ടത് സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന്റെ നോഡൽ ഓഫീസറായ പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുന്ന തുക നോഡൽ ഓഫീസറുടെ അക്കൗണ്ട് മുഖേന വിതരണത്തിനായി ബാങ്ക്/ധനകാര്യ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. ഗുണഭോക്താക്കൾ കൈപ്പറ്റാത്ത തുക തിരികെ ടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു.

സാമൂഹ്യസുരക്ഷാ പെൻഷനുകൾ ജില്ലാ സഹകരണ ബാങ്ക്/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ എന്നിവ മുഖേന ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്നതിന് ജി.ഒ.(എം.എസ്.)324/16/ഫിൻ/15.08.2016 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പെൻഷൻ വിതരണത്തിനായി സഹകരണ വകുപ്പ് തിരഞ്ഞെടുക്കുകയും പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന പെൻഷൻ വിതരണത്തിനുള്ള തുക ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് വരവ് വച്ചതിനു ശേഷം പെൻഷൻ വിതരണത്തിനായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്നു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്ക്/മറ്റ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവ മുഖേന വിതരണം ചെയ്യേണ്ടതാണ്.

ഇത്തരത്തിൽ നിലവിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യുന്നതിനും ഡയറക്ട് റ്റു ഹോം (Direct to Home) എന്നതരത്തിലുമാണ് ക്ഷേമപെൻഷനുകളുടെ വിതരണം നടക്കുന്നത്.

ക്ഷേമപെൻഷൻ വിതരണം കുറ്റമറ്റതാക്കാനും അനർഹർക്ക് ആനുകൂല്യം നിഷേധിച്ച് അർഹരായവർക്കെല്ലാം പെൻഷൻ ആനുകൂല്യം ഉറപ്പാക്കുക എന്ന നയത്തിന്റെ ഭാഗമായി സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും പെൻഷൻ വിതരണത്തിൽ നിലവിലും അപാകതകൾ നിലനിൽക്കുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

**പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം**

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ എന്നിവ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കുന്നതിൽ ഗുരുതരമായ കാലവിളംബം ഉണ്ടായിട്ടുള്ളതായി രേഖകൾ തെളിയിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷന്റെ പേര് | അപേക്ഷ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി (ദിവസം) |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 45 |
| 2 | വിധവാ പെൻഷൻ | 45 |
| 3 | അൻപത് വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45 |
| 4 | കർഷക തൊഴിലാളി പെൻഷൻ | 45 |
| 5 | വികലാംഗ പെൻഷൻ | 60 |

എന്നാൽ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന് മേൽ സമയപരിധി പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജില്ല | ഓഡിറ്റ് വർഷം | ഖണ്ഡിക നം. |
|---|---|---|---|
| പാറപ്പുഴ പഞ്ചായത്ത് | ഇടുക്കി | 2019-20 | 1-12 |
| പള്ളിക്കര പഞ്ചായത്ത് | കാസർകോഡ് | 2019-20 | 1-6-4 |
| കരിങ്കുന്നം പഞ്ചായത്ത് | ഇടുക്കി | 2019-20 | 1-6-1 |
| കിഴക്കോത്ത് പഞ്ചായത്ത് | കോഴിക്കോട് | 2019-20 | 1-6-1 |
| കീഴരിയൂർ പഞ്ചായത്ത് | കോഴിക്കോട് | 2019-20 | 1-7-1 |
| മുട്ടാർ പഞ്ചായത്ത് | ആലപ്പുഴ | 2019-20 | 1-14 |
| മൊഗ്രാൽ പുത്തൂർ | കാസർകോഡ് | 2019-20 | 1-20 |
| പള്ളിച്ചൽ | തിരുവനന്തപുരം | 2019-20 | 1-5-2 |
| | | | 1-5-4 |
| | | | 1-5-5 |
| കുന്നമ്മൽ | കോഴിക്കോട് | 2019-20 | 1-7-1 |
| ഓമശ്ശേരി | കോഴിക്കോട് | 2019-20 | 1-7-1 |
| കാട്ടാക്കട | തിരുവനന്തപുരം | 2019-20 | 1-8-2 |
| | | | 1-8-4 |
| ഉദയനാപുരം | കോട്ടയം | 2019-20 | 1-22 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അധ്യായം 1.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. മരണവിവരം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന്റെ വിഷയം കൈകാര്യം ചെയ്യുന്നതിൽ പല പഞ്ചായത്തുകളിലും പൊതുവായി ഒരു പോരായ്മ ഉണ്ടെന്നും ഇക്കാര്യം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും സമിതി വ്യക്തമാക്കി. മരണവിവരം യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിനാലാണ് പെൻഷൻ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതെന്ന് പറയുന്നതിന്റെ ന്യായമെന്താണെന്ന് സമിതി ആരാഞ്ഞതിന് മരണവിവരം രജിസ്റ്റർ

ചെയ്യുന്നത് ഓൺലൈൻ സംവിധാനത്തിലൂടെയാണെങ്കിലും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ നടക്കുന്ന മരണങ്ങളാണ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതെന്നും ഒരു വ്യക്തിയുടെ മരണം രജിസ്റ്റർ ചെയ്യുന്നത് സ്വന്തം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണെങ്കിൽ ടിയാൻ പെൻഷൻ ഗുണഭോക്താവാണോയെന്ന കാര്യം നേരിട്ടറിയാൻ കഴിയുമെന്നും മരണപ്പെട്ടയാളുടെ പെൻഷൻ ഉടൻ സസ്പെൻഡ് ചെയ്യാൻ സാധിക്കുമെന്നും എന്നാൽ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലാണ് മരണം സംഭവിക്കുന്നതെങ്കിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നത് പ്രസ്തുത സ്ഥാപനത്തിലായിരിക്കുമെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. മരണം നടന്നത് ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെടുമ്പോൾത്തന്നെ പെൻഷൻകൂടി റദ്ദ് ചെയ്യുന്ന സംവിധാനം നിലവിലില്ലെന്നും ആധാർ നമ്പർ പൊതുവായി മരണരജിസ്റ്ററിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ആധാർ നമ്പർ മരണരജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യണമെന്ന് 2019-ൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും പിന്നീടുവന്ന സർക്കുലർ പ്രകാരം ആധാർനമ്പർ മരണ രജിസ്ട്രേഷന് നിർബന്ധമല്ലെന്നും എന്നാൽ അത് നിർബന്ധമാക്കിയിരുന്നെങ്കിൽ മരണവിവരം അറിയിക്കുമ്പോൾത്തന്നെ ഓൺലൈനായി പെൻഷൻ റദ്ദ് ചെയ്യാനുള്ള സാഹചര്യവുമുണ്ടാകുമായിരുന്നുവെന്നും ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു. നിലവിൽ പഞ്ചായത്തുകളിൽ ജനന മരണ റിപ്പോർട്ടുകളിൽ ആധാർ നമ്പർ രേഖപ്പെടുത്തുന്നതിനുള്ള കോളം കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫോർമാറ്റ് നൽകിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജനന-മരണ രജിസ്ട്രേഷൻ ടൂൾസിൽ ഭേദഗതി വരുത്തിയശേഷം പ്രാബല്യത്തിൽ കൊണ്ടുവരാമെന്നും നിലവിൽ 52,25,143 ഗുണഭോക്താക്കൾക്കാണ് അഞ്ച് തരത്തിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നൽകി വരുന്നതെന്നും പ്രൈമറി സഹകരണ ബാങ്കുകൾ മുഖേനയും ഡയറക്ട് ടു ഹോം (Direct to Home) Bank A/C മുഖേനയും പകുതി വീതം എന്ന തരത്തിലാണ് പെൻഷൻ വിതരണം ചെയ്തുവരുന്നതെന്നും ഡയറക്ട് ടു ഹോം എന്ന രീതിയിൽ ഗുണഭോക്താക്കൾക്ക് പെൻഷൻ

വിതരണം ചെയ്തതിന്റെ സ്റ്റാറ്റസും ലിസ്റ്റും അതത് പ്രാദേശിക സെക്രട്ടറിമാർക്ക് സോഫ്റ്റ്‌വെയറിൽ നിന്നുതന്നെ ലഭ്യമാകുമെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി അന്വേഷണം നടത്തി മരണപ്പെട്ട ആളുകളോ അർഹതയില്ലാത്ത ആളുകളോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അപ്പോൾത്തന്നെ റിവ്യൂ ചെയ്യാനുള്ള സാഹചര്യമുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ സമിതി മുൻപാകെ അറിയിച്ചു. ഡയറക്ടറേറ്റിൽ നിന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയ പ്രകാരം അർഹതയില്ലാത്ത ധാരാളം പേരെ ഒഴിവാക്കുന്ന സാഹചര്യവുമുണ്ടായിട്ടുണ്ടെന്നും ബാങ്കുകളിൽ ഗുണഭോക്താക്കളുടെ നേരിട്ടുള്ള അക്കൗണ്ടുകളായതുകൊണ്ടുതന്നെ പ്രാദേശിക സർക്കാരുകൾക്ക് നേരിട്ട് ഓരോ അക്കൗണ്ടന്റിന്റെയും വിവരങ്ങൾ അറിയാൻ സാധിച്ചിട്ടുണ്ടെന്നും മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ബാങ്കിലേക്ക് അറിയിപ്പ് കൊടുക്കുന്നതും മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ തടഞ്ഞുവയ്ക്കുന്നതെന്നും അല്ലെങ്കിൽ ഗുണഭോക്താക്കളുടെ ബന്ധുക്കൾ സ്വമേധയാ ബാങ്കിൽ ബന്ധപ്പെട്ട് ഗുണഭോക്താവ് മരണപ്പെട്ടുവെന്ന് അറിയിച്ചെങ്കിൽ മാത്രമേ പെൻഷൻ തുടർന്ന് ബ്ലോക്ക് ചെയ്യുന്നതിന് സാധിക്കുമായിരുന്നുള്ളുവെന്നും ഇതിനൊരു ശാശ്വതപരിഹാരമെന്ന നിലയ്ക്കാണ് ജനന-മരണ റിപ്പോർട്ടിൽ ആധാർ നമ്പർ രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം നിലവിൽ വന്നതെന്നും അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ സോഫ്റ്റ്‌വെയറിൽ ആപ്ലിക്കേഷൻ ഉൾപ്പെടുത്തുന്നത് ഗുണഭോക്താവിന്റെ ആധാർ നമ്പർ രേഖപ്പെടുത്തിക്കൊണ്ടായിരിക്കുമെന്നും നിലവിൽ സ്വമേധയാ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃത്യമായി അന്വേഷണം നടത്തി അർഹതയില്ലാത്ത ഗുണഭോക്താക്കളുടെയും മരണപ്പെട്ടവരുടെയും പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു

2. പല സ്ഥലങ്ങളിലും പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടും തീരുമാനമുണ്ടാകുന്നില്ലെന്നും കാലതാമസം ഒഴിവാക്കണമെന്നും എവിടെ വച്ച് മരണം

സംഭവിച്ചാലും ഏത് സ്ഥാപനമായാലും മരണം റിപ്പോർട്ട് ചെയ്യുന്നതിൽ ബുദ്ധിമുട്ടൊന്നുമില്ലാത്ത സാഹചര്യത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് കൊടുക്കുന്നതിന് ലോക്കൽ ബോഡിക്ക് തീരുമാനമെടുക്കാൻ കഴിയുമെന്നും നിലവിലെ പ്രശ്നം പരിശോധിച്ച് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിലപാടെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. വാർധക്യകാല പെൻഷൻ 45 ദിവസം, വിധവാ പെൻഷൻ 45 ദിവസം, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 45 ദിവസം, കർഷകത്തൊഴിലാളി പെൻഷൻ 45 ദിവസം, വികലാംഗക്ഷേമ പെൻഷൻ 60 ദിവസം എന്നിങ്ങനെയാണ് പെൻഷൻ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലയളവെന്നും ആയത് ഓൺലൈൻ സംവിധാനം വ്യാപകമാക്കുന്നതിന് മുമ്പുള്ള സമയക്രമമാണെന്നും സമിതി വിലയിരുത്തി. നിലവിൽ പെൻഷൻ അപേക്ഷ തീർപ്പ് കൽപ്പിക്കുന്നതിന് ഇത്രയും ദിവസം ആവശ്യമാണോയെന്ന് സമിതി ആരാഞ്ഞതിന്, വളരെ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒരു പെൻഷണറുടെ അപേക്ഷ കിട്ടിയാൽ ഇത്രയും ദിവസം താമസിപ്പിക്കേണ്ട സാഹചര്യമില്ലെന്നും കാലതാമസം വരുന്നതിന്റെ പ്രധാന കാരണം ഓരോ പെൻഷൻ അപേക്ഷയിലും അന്വേഷണ ഉദ്യോഗസ്ഥർ പലതാണ് എന്നുള്ളതാണെന്നും അതിന്റെ ഭാഗമായി അന്വേഷണ റിപ്പോർട്ട് വയ്ക്കുന്നതിലും അതിനുശേഷം സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ശിപാർശ ചെയ്യുന്നതിലും കാലതാമസമുണ്ടാകുന്നുണ്ടെന്നും തുടർന്ന് പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നതിലും താമസം വരുന്നതുകൊണ്ടാണ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

3. മുൻ സാമ്പത്തിക വർഷം മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ILT-സോഫ്റ്റ്‌വെയർ വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന റിപ്പോർട്ട് കൃത്യമായി മോണിറ്റർ ചെയ്യാനും എവിടെയാണ് കാലതാമസമുണ്ടായതെന്ന് തിരിച്ചറിയാനും സാധിക്കുമെന്നും ഒരാഴ്ച കിട്ടുന്ന അപേക്ഷകൾ ഒരുമിച്ച് അന്വേഷണ ഉദ്യോഗസ്ഥരുടെ

കയ്യിൽ നിന്നും കിട്ടുന്നതായിട്ടാണ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കണ്ടിട്ടുള്ളതെന്നും ചിലയിടങ്ങളിൽ രണ്ടാഴ്ചയിലൊരിക്കൽ മാത്രം അന്വേഷണ ഉദ്യോഗസ്ഥന് അപേക്ഷകൾ കൈമാറുന്ന രീതിയുണ്ടെന്നും അങ്ങനെ വരുമ്പോൾ കാലതാമസമുണ്ടാകുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു. ഹെഡ് ഓഫീസിൽ എന്നാണോ അപേക്ഷ കൊടുക്കുന്നത് ആ തീയതി മുതൽ ഗുണഭോക്താവ് പ്രതീക്ഷയോടെ പെൻഷനുവേണ്ടി കാത്തിരിക്കുകയാണെന്നും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതിലുൾപ്പെടെ കാലതാമസം വന്നിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം കോവിഡിന്റെ സാഹചര്യത്തിൽ വന്നിട്ടുള്ളതാണെന്ന് റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുമെന്നും ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

4. ഉദ്യോഗസ്ഥ തലത്തിൽ പരിശോധന നടത്തി പെൻഷൻ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എടുക്കുന്ന ദിവസങ്ങളുടെ എണ്ണം കുറയ്ക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വികലാംഗക്ഷേമ പെൻഷൻ കൊടുക്കാൻ തീരുമാനമെടുക്കുന്നതിന് 60 ദിവസമെടുക്കുന്നതെന്തിനാണെന്നും പെൻഷൻ കൊടുക്കുന്നതിൽ കാലതാമസം വരുന്നത് ഗുണഭോക്താക്കളുടെ ഇടയിൽ വലിയ തോതിലുള്ള അസംതൃപ്തിക്ക് കാരണമാകുന്നുണ്ടെന്നും ഓരോ മാസത്തെയും പെൻഷൻ അതത് മാസം അല്ലെങ്കിൽ രണ്ടുമാസം ഒന്നിച്ച് നൽകുന്നതുകൊണ്ട് വലിയ പരാതിക്കും എതിർപ്പിനും ഇടവരുത്തുന്നുണ്ടെന്നും ഇക്കാര്യം പരിശോധിച്ച് പുതിയ സാഹചര്യത്തിനനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നാൽ വിവിധ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് എത്ര ദിവസം വേണമെന്ന് സമിതി നിർദ്ദേശിക്കുന്നില്ലെന്നും വികലാംഗക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ച് ആവശ്യമായ നിലപാടെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. വികലാംഗക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് കൂടുതൽ ദിവസം ആവശ്യമില്ലെന്നും സമിതി വ്യക്തമാക്കി. ഓൺലൈൻ സംവിധാനം നിലവിലുള്ളതിനാൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

5. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ വികലാംഗക്ഷേമ പെൻഷൻ രജിസ്റ്റർ, കർഷകക്ഷേമ പെൻഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും നിലവിൽ സമയപരിധിക്കുള്ളിൽ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നുണ്ടെന്നാണ് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നതെന്ന് സമിതി വ്യക്തമാക്കി. നിലവിൽ പെൻഷൻ കൊടുക്കുന്നുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് പെൻഷൻ നൽകുന്നുണ്ടെന്ന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

6. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ കർഷക തൊഴിലാളി പെൻഷൻ അപേക്ഷകളിലും വിധവ പെൻഷൻ അപേക്ഷകളിലും വികലാംഗ പെൻഷൻ അപേക്ഷകളിലും സമയബന്ധിതമായി തീരുമാനമെടുക്കുന്നതായും കാലവിളംബം ഉണ്ടാകുന്നില്ലെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ പരാമർശത്തിന്റെയും പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറുപടിയുടെയും അടിസ്ഥാനത്തിലും ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു

7. ആലപ്പുഴ ജില്ലയിലെ മുട്ടാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു

8. കോട്ടയം ജില്ലയിലെ ഉദയാനാപുരം ഗ്രാമപഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷന് ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി അന്വേഷണം നടത്തി തിരികെ സമർപ്പിക്കുന്നതിൽ കൃഷി ഓഫീസറുടെ ഭാഗത്തുനിന്നും കാലതാമസം നേരിടുന്നുണ്ടെന്നും ഭിന്നശേഷി പെൻഷന് ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടർ (പി.എച്ച്.സി.) യഥാസമയം അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നില്ലെന്നുമുള്ള അപാകതകൾ തുടരുന്നുവെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കാനെടുക്കുന്ന കാലതാമസമാണുള്ളതെന്ന് ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി

നൽകി. പ്രസ്തുത വിഷയം പരിഹരിക്കപ്പെടാനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പരിഹാരം ആവശ്യപ്പെട്ട് കത്ത് കൊടുക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

9. ഒരു ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് കിട്ടുന്നില്ല എന്ന കാരണത്താൽ അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കാതിരിക്കുന്നതിനെതിരെ നടപടിയെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ അത്തരത്തിൽ നടപടിയെടുക്കുന്നുണ്ടെന്നും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരോട് അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിലവിൽ അപേക്ഷകളൊന്നും തീർപ്പാക്കാനില്ലെന്നും ഉദയനാപുരം പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു

10. പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നുള്ള സമിതിയുടെ ചോദ്യത്തിന്, പഞ്ചായത്ത് പ്രസിഡന്റിന് ലഘുശിക്ഷാ നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വെളിപ്പെടുത്തി. ലഘുശിക്ഷ നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടെങ്കിലും നടപടി സ്വീകരിക്കണമെങ്കിൽ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഭേദഗതി വരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

11. ഭിന്നശേഷി പെൻഷനുള്ള അപേക്ഷകളിന്മേൽ ഹെൽത്ത് ഇൻസ്പെക്ടർ യഥാസമയം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്നും കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും ഇക്കാര്യം സർക്കാരിനോട് ശിപാർശ ചെയ്യാനും സമിതി തീരുമാനിച്ചു

12. ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തുന്നത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന്;

ഭിന്നശേഷിക്കാരുടെ വാർഷിക വരുമാനം, രണ്ടായിരം സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തൃതിയുള്ള വീട്, എ.സി., ആയിരം സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള കാർ എന്നിവ അപേക്ഷകനുണ്ടെങ്കിൽ പെൻഷൻ അനുവദിക്കാൻ സാധിക്കില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

13. പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനാവശ്യമായ നിർദ്ദേശമാണ് സമിതി മുമ്പാകെ അറിയിക്കേണ്ടതെന്നും മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭിന്നശേഷിക്കാർക്ക് പെൻഷൻ അനുവദിക്കുന്നത് എന്നിരിക്കേ, ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ ആവശ്യകത എന്താണെന്നും മെഡിക്കൽ റിപ്പോർട്ട് വച്ച് പഞ്ചായത്തിന് പെൻഷൻ അനുവദിച്ചുകൂടേയെന്നും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന ആവശ്യമാണെന്ന് ചട്ടത്തിൽ നിഷ്കർഷിക്കുന്നുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ചട്ടത്തിൽ നിഷ്കർഷിക്കുന്നുണ്ടെന്ന് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

14. ചട്ടത്തിൽ ഭേദഗതി വരുത്തിയാൽ പഞ്ചായത്തിലെ ഉദ്യോഗസ്ഥന് പരിശോധന നടത്തി പെൻഷൻ അനുവദിക്കാമെന്നും ഭിന്നശേഷി പെൻഷന് ഡോക്ടർ സർട്ടിഫിക്കറ്റിന് പുറമെ ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നത് സംബന്ധിച്ച് ആലോചിക്കണമെന്നും സാങ്കേതിക കാരണം പറഞ്ഞ് ഭിന്നശേഷിക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം വരാൻ പാടില്ലെന്നും സമിതി നിർദ്ദേശിച്ചു. അന്വേഷണ ഉദ്യോഗസ്ഥതലത്തിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാമെന്ന് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

15. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും സമയബന്ധിതമായി പെൻഷൻ അനുവദിക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നത് സംബന്ധിച്ച് സമിതി തുടർന്ന് ആരാഞ്ഞതിന്, രജിസ്റ്ററുകൾ കാലികമാക്കിയിട്ടുണ്ടെന്നും ആയത് പരിശോധനയ്ക്കായി കൊണ്ടുവന്നിട്ടുണ്ടെന്നും ഉദയനാപുരം പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാതെ നിയമസഭാ സമിതി

മുൻപാകെ കൊണ്ടുവന്ന പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

16. ഓഡിറ്റ് രേഖകൾ പരിശോധിച്ചതിൽ അപാകതകൾ നിലനിൽക്കുന്നുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഓഡിറ്റ് പരാമർശം സംബന്ധിച്ച് പരിശോധന നടത്തുവാൻ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകി.

17. ജില്ലാതല ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് സമിതി തുടർന്ന് ആരാഞ്ഞു. ഓഡിറ്റ് പരാമർശം സംബന്ധിച്ച അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

18. ഓഡിറ്റിൽ കണ്ടെത്തിയ അപാകത പരിഹരിച്ചുവെന്ന് പഞ്ചായത്ത് അറിയിച്ചാൽ ആയത് സംബന്ധിച്ച് പരിശോധന നടത്താനുള്ള ഉത്തരവാദിത്തം ജില്ലാതല ഉദ്യോഗസ്ഥർക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന്, ജില്ലാതല ഓഡിറ്റിൽ പരിശോധന നടത്തിയെന്നാണ് അറിയിച്ചതെന്ന് അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി. ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ച പിശക് പരിഹരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഉന്നത ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്തമില്ലേയെന്നുള്ള സമിതിയുടെ തുടർചോദ്യത്തിന് റിവ്യൂ മീറ്റിംഗിൽ രേഖകൾ പരിശോധന നടത്തി പരാമർശങ്ങൾ ഒഴിവാക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട സെക്രട്ടറിമാർക്കും ജില്ലാ മേലധികാരികൾക്കും നിർദ്ദേശം നൽകാറുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. വകുപ്പിന് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെയും സെക്രട്ടറിയുടെയും വിശദീകരണം തൃപ്തികരമല്ലെന്നും പ്രസ്തുത വിഷയത്തിൽ സെക്രട്ടറിക്ക് അവ്യക്തതയുണ്ടെങ്കിൽ ആയത് വ്യക്തത വരുത്താനുള്ള ഉത്തരവാദിത്തം അസിസ്റ്റന്റ് ഡയറക്ടർക്കുണ്ടെന്നും

പ്രസ്തുത പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു

19. ഇടുക്കി ജില്ലയിലെ പാറപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു

20. ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

21. കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

22. കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

23. കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

24. കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

25. കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

26. കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## <u>നിഗമനങ്ങളും ശിപാർശകളും</u>

**27. ക്ഷേമ പെൻഷൻ ഗുണഭോക്താവിന്റെ മരണവിവരം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ പല പഞ്ചായത്തുകൾക്കും വീഴ്ച സംഭവിക്കുന്നുണ്ടെന്ന് സമിതി മനസിലാക്കുന്നു. വാർധക്യകാല പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗക്ഷേമ പെൻഷൻ എന്നിവയുടെ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി പെൻഷൻ അതത് മാസം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പെൻഷൻ വിതരണത്തിലെ കാലതാമസം ഗുണഭോക്താക്കൾക്കിടയിൽ വ്യാപകമായ അസംതൃപ്തി ജനപ്പിക്കുന്നതിനാൽ പെൻഷൻ അപേക്ഷകൾ പ്രത്യേകിച്ച് വികലാംഗക്ഷേമ പെൻഷൻ, വാർധക്യകാല പെൻഷൻ എന്നിവ ഓൺലൈൻ സംവിധാനത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**